## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6323 03.04.2018-ൽ മറുപടിക്ക്

### ആദിവാസികൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഒ. ആർ. കേളു : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഏതൊക്കെ വകുപ്പുകളിലാണ് ആദിവാസികളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കാൻ ഉദ്ദേശിക്കുന്നത്; | എ) യും ബി). യും | 1958-ലെ KS&SSR ചട്ടം 14(a) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി അനുവദിച്ച 10% പ്രാതിനിധ്യം ഉറപ്പാക്കുവാനായി വാർഷിക അവലോകനം നടത്തുകയും നിശ്ചിത ശതമാനത്തിൽ കുറവ് വരുന്നു എന്നു കാണുന്ന പക്ഷം പ്രാതിനിധ്യം ഉറപ്പാക്കുവാനായി തസ്തികകൾ റിസർവ്വ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾ ഒഴിവുകൾ എഴുതി അറിയിക്കുകയും തുടർന്ന് പ്രത്യേക നിയമനം നടത്തി ഒഴിവുകൾ നികത്തുകയും ചെയ്തുവരുന്നു.<br>വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ വനാതിർത്തിയിലും വനാന്തർഭാഗത്തും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിലെയും പാലക്കാട് ജില്ലയിലെ കുറുമൻ വിഭാഗത്തിലും പെട്ട യുവാക്കൾക്ക് മുൻഗണന നൽകിക്കൊണ്ടും മറ്റ് ആദിവാസി വിഭാഗങ്ങളെയും ഉൾപ്പെടുത്തിയും പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ/വനിതാ സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്കും, വയനാട്, പാലക്കാട്. മലപ്പുറം ജില്ലകളുടെ വനാന്തർഭാഗത്തും വനാതിർത്തിയിലും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ. പാലക്കാട് ജില്ലയിലെ കുറുമൻ എന്നീ ആദിവാസി വിഭാഗങ്ങളിൽ നിന്നു മാത്രമായി എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്കും നിയമനം നടത്തുന്നതിനായി റാങ്ക് പട്ടിക 21.03.2018-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) | അതിന്റെ നടപടി ക്രമങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | | |
| സി) | കൂടുതൽ വകുപ്പുകളിലേക്ക് ആദിവാസികളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ